തുടങ്ങിയവ സംസ്ഥാനത്ത് വൻതോതിൽ വിപണനം നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം എത്ര കമ്പനികൾ മരുന്നുകൾ, ഫുഡ് സപ്ലിമെന്റ്സ് എന്നിവ വിപണനം നടത്തി വരുന്നു എന്നറിയിക്കുമോ ;

(ബി) ഇവയ്ക്കെല്ലാം വിപണനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(സി) അനുമതി നൽകിയിട്ടുള്ള കമ്പനികളുടെ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുവാനും അവയെ നിരീക്ഷിക്കുവാനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ഡി) ഇത്തരം കമ്പനി ഉൽപ്പന്നങ്ങളുടെ ഉപയോഗം സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ഇ) സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലാത്ത കമ്പനികളുടെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല എന്നുറപ്പുവരുത്താൻ നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരവധി കമ്പനികൾ അവരുടെ മരുന്നുകൾ ഫുഡ് സപ്ലിമെന്റ് എന്ന വ്യജേന വിപണനം നടത്തിവരുന്നു.

(ബി) ഇല്ല.

(സി) ടി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നു.

(ഡി) ഉണ്ട്. ആക്ഷേപങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് സംബന്ധമായ പരിഹാര നടപടികൾ ഹൈക്കോടതിവിധിയുടെ പരിധിയിൽനിന്നുകൊണ്ട് സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇത്തരം കമ്പനികൾക്കെതിരെ വകുപ്പു നടപടികൾ എടുത്തിട്ടുണ്ടെങ്കിലും റിട്ട് ഹർജികൾ ഫയൽചെയ്ത് ഹൈക്കോടതിയിൽനിന്നും സ്റ്റേ സമ്പാദിച്ച് കമ്പനികൾ വിൽപ്പന തുടർന്നുവരുന്നു. റിട്ട് ഹർജികൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോംഗോ പനിക്കെതിരായ നടപടികൾ

7 (1725) ശ്രീ. കെ. അച്ചുതൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി കണ്ടെത്തിയിട്ടുള്ള പകർച്ചരോഗമായ കോംഗോ പനി സംസ്ഥാനത്ത് ആർക്കെങ്കിലും ബാധിച്ചതായ സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ രോഗത്തെക്കുറിച്ച് വിശദമായ പരിശോധനകളും അന്വേഷണങ്ങളും നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നാണ് സംസ്ഥാന സർക്കാരിന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുള്ളത് എന്നറിയിക്കുമോ ?

ഉത്തരം

(എ) കോംഗോ പനി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ഗുജറാത്തിൽ കോംഗോ പനിബാധ ഉണ്ടായ ആശുപത്രിയിൽനിന്ന് കേരളത്തിലേക്ക് യാത്രചെയ്ത വ്യക്തികളെ സൂക്ഷ്മവും കർശനവുമായ നിരീക്ഷണത്തിൽ വയ്ക്കുകയും അവരുടെ എല്ലാവരുടേയും രക്ത സാമ്പിളുകൾ പൂനയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ അയച്ച് പരിശോധന നടത്തുകയുമുണ്ടായി. ഇവർക്കാർക്കും കോംഗോ പനി ഇല്ലായെന്ന് സ്ഥിരീകരിക്കുകയും ചെയ്തു.

(സി) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽനിന്ന് ചികിത്സാ നിർദ്ദേശങ്ങൾ, സാമ്പിൾ പരിശോധനക്കുള്ള നിർദ്ദേശങ്ങൾ, കേസ് റിപ്പോർട്ടിംഗിന് ആവശ്യമായ പട്ടികകൾ എന്നിവ ലഭിച്ചിട്ടുണ്ട്. ഇത് അനുസരിച്ചുള്ള നിർദ്ദേശങ്ങൾ ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നൽകിയിട്ടുണ്ട്.

കോംഗോ പനിക്കെതിരെ ജാഗ്രതാ നിർദ്ദേശങ്ങൾ

8 (1726) ശ്രീ. എൻ. രാജൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോംഗോ പനിക്കെതിരെ ആവശ്യമായ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പനിയുടെ പ്രധാന ലക്ഷണങ്ങൾ എന്തെല്ലാം ; ഇതിനെ നേരിടാൻ എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കോംഗോ പനിക്കെതിരായ ജാഗ്രതാ നിർദ്ദേശങ്ങൾ ജില്ലാ മെഡിക്കൽ ആഫീസർമാർ മുഖേന എല്ലാ ഡോക്ടർമാർക്കും നൽകി. കോംഗോപനി ആകാൻ സാധ്യതയുള്ള ലക്ഷണങ്ങളുള്ളവരെ നിരീക്ഷണത്തിൽ വയ്ക്കുവാനും നിർദ്ദിഷ്ട പരിശോധന നൽകുവാനുമുള്ള നടപടികൾ സ്വീകരിച്ചു. എല്ലാ ആശുപത്രികളിലും രോഗാണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകുകയും സംസ്ഥാനതല കോൺഫറൻസിൽവച്ച് ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് ഇതിനെക്കുറിച്ചുള്ള പരിശീലനവും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly